**ഭരണഭാഷ മാതൃഭാഷ**

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

നം. എച്ച്.എസ്.ഇ./398/2017/ഫിൻ.സി5 തീയതി : 21/03/2018.

## പരിപത്രം

വിഷയം: ഹ.സെ.വി.വ. - സ്കൂളുകളിൽ കുട്ടികൾക്ക് കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ആവശ്യമായ ജല ലഭ്യത ഉറപ്പുവരുത്തുന്നത് സംബന്ധിച്ച്:

സൂചന : കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 23.02.2018 തീയതിയിലെ CRMP/No.1811/09/LA2/2017/KeSCPCR നമ്പർ ഉത്തരവ്.

ഷൊർണ്ണൂർ നഗരസഭ പരിധിയിലെ സ്കൂളുകളിൽ കുട്ടികൾക്ക് ആവശ്യത്തിന് കുടിവെള്ളം ലഭ്യമല്ല എന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ പരാതിയായി സ്വീകരിച്ച് ആയ തിൻമേൽ സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കും പ്രത്യേകിച്ച് വേനൽക്കാ ലത്ത് വെള്ളമുണ്ട് എന്ന് ഉറപ്പുവരുത്തണമെന്ന് ബഹു. ബാലാവകാശ സംരക്ഷണ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും കുട്ടി കൾക്ക് കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ആവശ്യമായ അളവിൽ ജലം ലഭ്യ മാണ് എന്ന് അതത് സ്കൂൾ പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്. ജലക്ഷാമം രൂക്ഷമായ സ്കൂളുകളിൽ പി.ടി.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധി കൾ എന്നിവരുടെ സഹായത്തോടെ ജലം ലഭ്യമാക്കാനുള്ള നടപടികൾ പ്രിൻസി പ്പൽമാർ സ്വീകരിക്കേണ്ടതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ

എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും.